## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2350** **21-06-2024 - ൽ മറുപടിയ്ക്ക്**

### പരിസ്ഥിതി സംവേദ പ്രദേശം സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള അഭിപ്രായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പശ്ചിമഘട്ടത്തിലെ പരിസ്ഥിതി സംവേദ പ്രദേശം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് തയ്യാറാക്കിയ കരട് റിപ്പോർട്ട് പരിശോധിച്ചിരുന്നോ; ഇക്കാര്യത്തിൽ വകുപ്പിന്റെ അഭിപ്രായം അറിയിച്ചിരുന്നുവോ; കരട് റിപ്പോർട്ട് പരിശോധിച്ചതിൻപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് രേഖപ്പെടുത്തിയ അഭിപ്രായകുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | പരിശോധിച്ചിരുന്നു. സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനവകുപ്പ് ഡയറക്ടർ തയ്യാറാക്കിയിട്ടുള്ള പരിസ്ഥിതി സംവേദ പ്രദേശം ഉൾപ്പെടുന്ന വില്ലേജുകളുടെ KML File, Shape File കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവെയേൺമെന്റ് സെന്റർ-ന് കൈമാറണം എന്നും ഇതുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുന്നതിന് പ്രാഥമികമായി തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി, പ്രസിഡന്റ്, ടെക്നിക്കൽ സ്റ്റാഫ് എന്നിവരെ ഉൾപ്പെടുത്തി ഓൺലൈൻ മീറ്റിംഗ് സംഘടിപ്പിക്കണമെന്നും പരിസ്ഥിതി സംവേദ പ്രദേശം ഉൾപ്പെടുന്ന പഞ്ചായത്തുകൾക്കായി ടെക്നിക്കൽ വർക്ക് ഷോപ്പ് സംഘടിപ്പിച്ച് റിപ്പോർട്ട് തയ്യാറാക്കി സംസ്ഥാന പരിസ്ഥിതികാലാവസ്ഥാ വ്യതിയാന ഡയറക്ടർക്ക് കൈമാറണം എന്നും ഇതിനുള്ള സാങ്കേതിക സഹായം കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടർമാർ ലഭ്യമാക്കണമെന്നും 15.05.2024- ൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വർക് ഷോപ്പുകൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. പരിസ്ഥതികാലാവസ്ഥാ വ്യതിയാന വകുപ്പ് തയാറാക്കിയ കരട് റിപ്പോർട്ട് പരിശോധിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഭിപ്രായം സഹിതം പരിസ്ഥിതി വകുപ്പിന് നൽകുന്നതിനായി ജില്ലാ അടിസ്ഥാനത്തിൽ ലഭിച്ച റിപ്പോർട്ട് ക്രോഡീകരിച്ച് സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദേശം നല്കിയിട്ടുള്ളതും നടപടികൾ പുരോഗമിച്ചുവരുന്നതുമാണ്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി തദ്ദേശസ്വയംഭരണസ്ഥാപന അടിസ്ഥാനത്തിൽ പരിശോധന നടത്തിയിരുന്നുവോ എന്ന് വെളിപ്പെടുത്തുമോ; | (ബി) | പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള കരട് റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക് നൽകിയിട്ടുള്ളതും ആയത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കി പരിശോധന നടത്തിയിട്ടുള്ളതുമാണ്. |
| (സി) | തൃശ്ശൂർ ജില്ലയിൽ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പരിശോധന നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ; ജില്ലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | തൃശ്ശൂർ ജില്ലയിൽ അതിരപ്പള്ളി ഗ്രാമ പഞ്ചായത്ത്, പരിയാരം ഗ്രാമ പഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പരിശോധന നടത്തിയിട്ടുള്ളത്. ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു |

സെക്ഷൻ ഓഫീസർ

**തദ്ദേശ സ്വയംഭരണ വകുപ്പ്**
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തൃശ്ശൂർ**
സിവിൽ സ്റ്റേഷൻ, അയ്യന്തോൾ പി.ഒ, 680 003
ഫോൺ : 0487 2360616, ഇ-മെയിൽ : jdlsgdtcr@gmail.com

നമ്പർ: LSGD/JD/TSR/2693/2024-F4 തിയതി: 24-05-2024

ജോയിന്റ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്
തൃശ്ശൂർ

ബഹു. പ്രിൻസിപ്പൽ ഡയറക്ടർ
തദ്ദേശസ്വയംഭരണ വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം: ത.സ്വ.ഭ. വ .തൃശ്ശൂർ ജില്ല- പശ്ചിമഘട്ടത്തിലെ പരിസ്ഥിതി സംവേദ പ്രദേശങ്ങൾ (ESA ) നിർണ്ണയിച്ചതിലെ അപാകത- സംബന്ധിച്ച്.

സൂചന: പരിയാരം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 23/05/2024 തിയ്യതിയിലെ SC1-240/2024 നമ്പർ കത്ത്

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പരിയാരം ഗ്രാമപഞ്ചായത്ത് - പശ്ചിമഘട്ടത്തിലെ പരിസ്ഥിതി സംവേദ പ്രദേശങ്ങൾ (ESA) നിർണ്ണയിക്കുന്നതിൽ പരിസ്ഥിതി വകുപ്പ് തയ്യാറാക്കിയ പരിയാരം വില്ലേജിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾക്ക് പുറമെ മറ്റ് പഞ്ചായത്തുകളുടെ വനത്തിനോട് ചേർന്ന ഭാഗങ്ങളും പരിയാരം വില്ലേജിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന പരിയാരം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ കത്ത് ലഭിച്ചിട്ടുണ്ട്. മേൽ തെറ്റ് മൂലം മറ്റത്തൂർ, പുത്തൂർ, കോടശ്ശേരി, വരന്തരപ്പിള്ളി, പാണഞ്ചേരി മുതലായ പഞ്ചായത്തുകളിലെ ജനങ്ങളെ കൂടി ബാധകമാവുന്ന സാഹചര്യത്തിൽ പരിസ്ഥിതി വകുപ്പിനെ വിവരം അറിയിക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും ആവശ്യമായ നടപടികൾക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

Signed by
Shafiq.p.m
Date: 24-05-2024 17:22:28

Shafiq.P.M
ജോയിന്റ് ഡയറക്ടർക്കു വേണ്ടി
തദ്ദേശ സ്വയംഭരണ വകുപ്പ്
തൃശ്ശൂർ

ഉള്ളടക്കം: സൂചന കത്ത്

# പരിയാരം ഗ്രാമപഞ്ചായത്ത്

ISO 9001:2015(അംഗീകൃതം)
പരിയാരം പി.ഒ. 680721, തൃശ്ശൂർ
ഫോൺ നമ്പർ-04802746025 pariyaramgpttcr@gmail.com

നമ്പർ SC1 -240/2024 തിയതി 23-05-2024

പ്രേഷിതൻ
പ്രസിഡന്റ്
പരിയാരം ഗ്രാമപഞ്ചായത്ത്
തൃശ്ശൂർ

സ്വീകർത്താവ്
ജില്ലാ കളക്ടർ
തൃശ്ശൂർ

സർ,

വിഷയം : പരിയാരം വില്ലേജ് -ESA പ്രദേശങ്ങൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച്

സൂചന : (1) 6/03/2024 തിയ്യതിയിലെ കരട് റിപ്പോർട്ട്
(2) പഞ്ചായത്ത് കമ്മിറ്റിയുടെ 26/03/2024 തിയ്യതിയിലെ 24 (1) നമ്പർ തീരുമാനം
(3) 22/05/2024 തിയ്യതിയിൽ പാലക്കാട് ജില്ല പഞ്ചായത്ത് ഹാളിൽ നടന്ന പരിശീലന പരിപാടിയിലെ നിർദ്ദേശങ്ങൾ

സൂചന (1) പ്രകാരം ESA പ്രദേശങ്ങൾ നിശ്ചയിക്കുന്നത് സംബന്ധിച്ചുള്ള കരട് നിർദ്ദേശങ്ങളിൽ പരിയാരം വില്ലേജിന്റെ ഏരിയ 341.76 Sq.Km എന്നാണ് രേഖപ്പെടുത്തിയിരുന്നത് എന്നാൽ യഥാർത്ഥത്തിൽ ഇത് 26.48 Sq.Km മാത്രമാണ്. ആയത് സൂചന (2) പ്രകാരം അധികൃതരെ അറിയിച്ചിരുന്നു. 2013 ൽ പരിയാരം വില്ലേജ് വിഭജിച്ച് അതിരപ്പിള്ളി വില്ലേജ് രൂപീകരിച്ചിരുന്നു. സൂചന (3) പ്രകാരം നടന്ന, ഇത് സംബന്ധിച്ച പരിശീലന പരിപാടിയിൽ ഇക്കാര്യം സംഘാടകരായ പരിസ്ഥിതി വകുപ്പ് അധികൃതരെ അറിയിക്കുകയും അവർ തയ്യാറാക്കിയ ഭൂപടം പ്രസ്തുത പരിപാടിയിൽ കാണിച്ചു തരികയും ചെയ്തു.ആയത് പ്രകാരം യഥാർത്ഥത്തിൽ പരിയാരം വില്ലേജിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾക്ക് പുറമേ, കോടശ്ശേരി,മറ്റത്തൂർ,വരന്തരപ്പിള്ളി,പുത്തൂർ,പാണഞ്ചേരി പഞ്ചായത്തുകളുടെ വനത്തിനോട് ചേർന്നു വരുന്ന ഭാഗങ്ങളും പരിയാരം വില്ലേജിൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്.ആയത് ചൂണ്ടികാണിച്ചപ്പോൾ റവന്യൂ വകുപ്പ് നൽകിയ ഡാറ്റകളും,രേഖകളും പ്രകാരമാണ് അപ്രകാരം ചെയ്തിരിക്കുന്നത് എന്നാണറിയിച്ചത്.

ഇപ്രകാരം ഈ പ്രദേശങ്ങൾ തെറ്റായി പരിയാരം വില്ലേജിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ മേൽ സൂചിപ്പിച്ച പഞ്ചായത്തുകൾക്ക് ESA പ്രദേശങ്ങൾ നിശ്ചയിച്ചത് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ അവ ബോധിപ്പിക്കുവാൻ അവസരം ലഭിക്കാതെ വരും.

ആയതിനാൽ പരിസ്ഥിതി വകുപ്പ് ESA പ്രദേശങ്ങളുടെ നിർണ്ണയവുമായി ബന്ധപ്പെട്ട തയ്യാറാക്കിയിരുന്ന ഭൂപടത്തിൽ പരിയാരം വില്ലേജിൽ തെറ്റായി ഉൾപ്പെടുത്തിയ ഭാഗങ്ങൾ പരിശോധിച്ച് ബന്ധപ്പെട്ട പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന വില്ലേജുകളിലേക്ക് മാറ്റി രേഖപ്പെടുത്തി പരിയാരം വില്ലേജിന്റെ അതിർത്തി രേഖപ്പെടുത്തിയതിൽ വന്ന തെറ്റ് തിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

പകർപ്പ്
1. ജോയിന്റ് ഡയറക്ടർ, LSGD തൃശ്ശൂർ

വിശ്വസ്തതയോടെ
MAYA N.S
PRESIDENT
PARIYARAM GRAMAPANCHAYAT

OFFICE OF THE PARIYARAM GRAMA PANCHAYAT
P.O.PARIYARAM-680 721, THRISSUR-DT.



File No. LSGD/PD/11665/2024-PH3 (Computer No. 255619)
Generated from eOffice by Sreekala R, F JDTSR LSGD (F4 JDTSR LSGD), F4 JDTSR LSGD, JDTSR LSGD on 29/05/2024 05:29 PM
Generated from eOffice by VINOD B, PH3 PD LSGD., PH3 PD LSGD, PRINCIPAL DIRCTORATE LSGD on 19/06/2024 05:10 PM

# പരിയാരം ഗ്രാമപഞ്ചായത്ത് 26.03.2024 തീയ്യതിയിലെ സാധാരണയോഗത്തിലെ 24 (1) നമ്പർ തീരുമാനം

പശ്ചിമ ഘട്ടത്തിലെ പരിസ്ഥിതി സംവേദപ്രദേശം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് കാലാവസ്ഥ വ്യതിയാന വകുപ്പ് തയ്യാറാക്കിയ കരട് റിപ്പോർട്ട് കമ്മറ്റി ചർച്ചചെയ്തു.ആയത് പരിശോധിച്ചതിൽ നിന്നും പരിയാരം വില്ലേജിലെ 302.95 Sq.km പ്രദേശം ESA യിൽ ഉൾപ്പെട്ടതായി കാണുന്നു. എന്നാൽ നിലവിലുള്ള പരിയാരം വില്ലേജിൻറെ ആകെ വിസ്തീർണ്ണം 2648.383 ഹെക്ടർ (26.48 Sq.km)മാത്രമാണ്. എം.എസ് 230/13/R നമ്പർ പ്രകാരം 29-5-2013 ൽ ഇറക്കിയ ഉത്തരവ് പ്രകാരം പരിയാരം വില്ലേജിനെ രണ്ടായി വിഭജിച്ച് അതിരപ്പിള്ളി വില്ലേജും,പുതിയ പരിയാരം വില്ലേജുമായി മാറ്റുകയുണ്ടായി.പുതിയ പരിയാരം വില്ലേജിൽ പശ്ചിമ ഘട്ടത്തിൻറെ ഭാഗമായ തുടർച്ചയായ വനപ്രദേശങ്ങൾ ഒന്നും തന്നെ ഇല്ലാത്തതാകുന്നു.മാത്രവുമല്ല പുതിയ പരിയാരം വില്ലേജിൽ ഉള്ള പ്രദേശങ്ങൾ ESA മേഘലയിൽ പരിഗണിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന മാനദണ്ഡങ്ങളിൽ ജീവശാസ്ത്രപരമായോ,ചരിത്രപരമായോ,സാംസ്കാരികമായോ,ഭൂമിശാസ്ത്രപരമായോ,പ്രകൃതിദുരന്ത സാദ്ധ്യതകൾ ഉള്ളതോ,ദേശീയ ഉദ്യാനങ്ങളോ,നദിയുടെ ഉദ്ഭവ സ്ഥാനങ്ങളോ ഉൾപ്പെടുന്നതല്ല.ടി വിഷയവുമായി ബന്ധപ്പെട്ട കേരള സ്റ്റേറ്റ് ബയോ ഡൈവേഴ്സിറ്റി ബോർഡിൻറെ 20/10/2015 തിയതിലെ 2787/എ 2/2015/കെ.എസ്.ബി.ബി നമ്പർ കത്തിൽ പുതിയതായി രൂപികൃതമായ അതിരപ്പിള്ളി വില്ലേജ് ജനവാസം കുറഞ്ഞ മേഖലയും ഒപ്പം തന്നെ റിസർവ്വ് വനം ഉൾപ്പെടുന്നതും,ജൈവവൈവിധ്യ സമ്പുഷ്ട പ്രദേശമാണെന്നും,എന്നാൽ പരിയാരം വില്ലേജ് 2011 ലെ സെൻസസ് പ്രകാരം ചതുരശ്രകിലോമീറ്ററിന്1428.57 ജനസാന്ദ്രതയുള്ള പ്രദേശമാണെന്നും ആയതിനാൽ പരിയാരം വില്ലേജിന് പകരം അതിരപ്പിള്ളി വില്ലേജിനെ ESA യിൽ ഉൾപ്പെടുത്തുന്നത് ജൈവവൈവിധ്യ സംരക്ഷണത്തിന് കൂടുതൽ ഉചിതമാണെന്ന് പരാമർശിച്ചിട്ടുള്ള വിവരവും,,പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(വൈൽഡ് ലൈഫ്)& ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 11/1/2023 തിയതിയിലെ WL3-23824/2012(1) നമ്പർ പ്രകാരം പരിയാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന് നല്കിയ കത്തിൽ പരിയാരം പഞ്ചായത്ത് ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്നതല്ലായെന്ന് അറിയിച്ചിട്ടുള്ള വിവരവും കമ്മറ്റി വിലയിരുത്തി .ആയതിൻറെ അടിസ്ഥാനത്തിൽ കാലാവസ്ഥ വ്യതിയാന വകുപ്പ് തയ്യാറാക്കിയ കരട് റിപ്പോർട്ടിൽ ESA യിൽ ഉൾപ്പെട്ട പരിയാരം ഗ്രാമ പഞ്ചായത്തിലെ /പരിയാരം വില്ലേജിലെ മുഴവൻ പ്രദേശങ്ങളെയും ESA യിൽ നിന്നും ഒഴിവാക്കുന്നതിന് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു

//ശരിപകർപ്പ് // ഒപ്പ്

പ്രസിഡൻറ്

OFFICE OF THE PARIYARAM GRAMA PANCHAYAT P.O. PARIYARAM THRISSUR-DT.

SECRETARY
PARIYARAM GRAMAPANCHAYAT

I/296875/2024

**തദ്ദേശ സ്വയംഭരണ വകുപ്പ്**
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തൃശ്ശൂർ**
സിവിൽ സ്റ്റേഷൻ, അയ്യന്തോൾ പി.ഒ, 680 003
ഫോൺ : 0487 2360616, ഇ-മെയിൽ : jdlsgdtcr@gmail.com

കേരള സർക്കാർ

നമ്പർ: LSGD/JD/TSR/2693/2024-F4 തിയതി: 28-05-2024

ജോയിന്റ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്
തൃശ്ശൂർ

ബഹു. പ്രിൻസിപ്പൽ ഡയറക്ടർ
തദ്ദേശസ്വയംഭരണ വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം: ത.സ്വ.ഭ.വ തൃശ്ശൂർ ജില്ല- അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പരിസ്ഥിതി സംവേദ പ്രദേശങ്ങൾ -(ESA) പുനർനിർണ്ണയിച്ച് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന: അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25/05/2024 തിയ്യതിയിലെ റിപ്പോർട്ട്

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പശ്ചിമഘട്ട പരിസ്ഥിതി സംവേദ പ്രദേശങ്ങളുടെ(ESA) നിർണണയവുമായി ബന്ധപ്പെട്ട് 22/05/2024 തിയ്യതി പാലക്കാട് ജില്ലാ പഞ്ചായത്ത് ഹാളിൽ വെച്ച് സംഘടിപ്പിച്ച പരിശീലന പരിപാടിയിലെ നിർദ്ദേശപ്രകാരം KMZ ഫയലിൽ ഭരണസമിതി തീരുമാനം പ്രകാരമുള്ള 20 പ്രദേശങ്ങളെ ജനവാസമേഘലകളായി അടയാളപ്പെടുത്തി സൂചന പ്രകാരം അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരിസ്ഥിതി വകുപ്പിന് വിവരം അറിയിക്കുന്നതിനും ആവശ്യമായ നടപടികൾക്കുമായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

Signed by
Shafiq.p.m
Date: 28-05-2024 14:20:38

Shafiq.P.M
JOINT DIRECTOR
തദ്ദേശ സ്വയംഭരണ വകുപ്പ്
തൃശ്ശൂർ

ഉള്ളടക്കം: സൂചന റിപ്പോർട്ട്



File No. LSGD/PD/11665/2024-PH3 (Computer No. 255619)
Generated from eOffice by Sreekala R, F JDTSR LSGD (F4 JDTSR LSGD), F4 JDTSR LSGD, JDTSR LSGD on 29/05/2024 05:22 PM
Generated from eOffice by VINOD B, PH3 PD LSGD., PH3 PD LSGD, PRINCIPAL DIRCTORATE LSGD on 19/06/2024 05:19 PM

ഭരണഭാഷ-മാതൃഭാഷ

നമ്പർ.400749/EBWG01/GPO/2024/1730/(1)

അതിരപ്പിള്ളി ഗ്രാമ പഞ്ചായത്ത് ആഫീസ്

അതിരപ്പിള്ളി
വെറ്റിലപ്പാറ.പി.ഓ
തൃശ്ശൂർ
Phone No:04802769059
E-mail:athirappillygramapanchayat@gmail.com

തീയതി : 06/05/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ബഹു. ജില്ലാ ജോയിൻറ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ

സർ,

വിഷയം:- പശ്ചിമഘട്ട പരിപാലനം, പശ്ചിമഘട്ട പരിപാലന പരിപാടികൾ-സംവേദന പ്രദേശങ്ങൾ നിശ്ചയിക്കുന്നതു സംബന്ധിച്ച്

സൂചന:- അങ്ങയുടെ 20/03/2024-ലെ LSGD/JD/TSR/2693/2024-F4-നമ്പർ കത്തും 03/04/2024, 03/05/2024-തീയതിയിലെ ഓർമ്മകുറിപ്പുകളും.

മേൽ വിഷയത്തിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിയിക്കുന്നു. പശ്ചിമ ഘട്ടത്തിലെ പരിസ്ഥിതി സംവേദപ്രദേശങ്ങൾ നിർണ്ണയിക്കുന്നതു സംബന്ധിച്ച് അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൻറെ അഭിപ്രായം തുടർനടപടിയ്ക്കായി ഉള്ളടക്കം ചെയ്തു സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

Athirappilly Gramapanchayat ✱ Vettilappara P.O. ✱ THRISSUR PIN - 680 721

SECRETARY
ATHIRAPPILLY GRAMAPANCH

പ്രോർബി.ഇ.ജെ
സെക്രട്ടറി

ഉള്ളടക്കം: അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനം.

# അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്

04/05/2024-ാം തീയ്യതി നടന്ന സധാരണ/ അടിയന്തിര മീറ്റിംഗിലെ
2/1-ാം നമ്പർ തീരുമാനം

പശ്ചിമ ഘട്ടത്തിലെ പരിസ്ഥിതി സംവേദ പ്രദേശം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് കാലാവസ്ഥാ വ്യതിയാന വകുപ്പ് തയ്യാറാക്കിയ റിപ്പോർട്ട് വിശദമായി ചർച്ച ചെയ്തു. തൃശ്ശൂർ ജില്ലയിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ജനവിഭാഗങ്ങൾ താമസിക്കുന്നതും ജനസാന്ദ്രത കൂടുതലുള്ളതുമായ വെട്ടിക്കുഴി, ചിക്ലായി, വൈശ്ശേരി, തുമ്പൂർമുഴി, അത്രൂർമുഴി, വെറ്റിലപ്പാറ, പിള്ളപ്പാറ, അതിരപ്പിള്ളി, വാഴച്ചാൽ, പുളിയിലപ്പാറ, വാച്ചുമരം, ഷോളയാർ, അടിച്ചിൽത്തൊട്ടി, മലക്കപ്പാറ, വെട്ടിവിട്ടക്കാട് എന്നീ പ്രദേശങ്ങളെ പൂർണ്ണമായും ഇക്കോളജിക്കൽ സെൻസിറ്റീവ് ഏരിയായിൽ നിന്നും ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട അധികൃതരോട് ഐക്യകണ്ഠേന അഭ്യർത്ഥിച്ച് തീരുമാനിച്ചു.

(ഒപ്പ്)

പ്രസിഡണ്ട്

//ശരിപ്പകർപ്പ്//

Athirappilly Gramapanchayat
Vettilappara P.O.
THRISSUR
PIN - 680 721

SECRETARY
Athirappilly Gramapanchayat

ഭരണഭാഷ-മാതൃഭാഷ

നമ്പർ.400748/EBWG01/GPO/2024/1367/(1)

പരിയാരം ഗ്രാമ പഞ്ചായത്ത് ആഫീസ്
പരിയാരം
പരിയാരം-തൃശ്ശൂർ.പി.ഓ
തൃശ്ശൂർ
Phone No:04802746025
E-mail:pariyaramgpttcr@gmail.com

തീയതി : 04/04/2024

പ്രേഷകൻ
സെക്രട്ടറി

സ്വീകർത്താവ്

ബഹു.ജോയിൻറ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ

സർ,

വിഷയം:- പരിയാരം ഗ്രാമപഞ്ചായത്ത്-പരിസ്ഥിതി സംവേദ പ്രദേശം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് കാലാവസ്ഥ വ്യതിയാന വകുപ്പ് തയ്യാറാക്കിയ റിപ്പോർട്ടിൻമേൽ അഭിപ്രായം സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന-1. അങ്ങയുടെ 20/03/2024 തിയ്യതിയിലെ LSGD/JD/TSR/2693/2024-F4 നമ്പർ കത്ത്.

2.പരിയാരം ഗ്രാമപഞ്ചായത്തിൻറെ 26/03/2024 തിയ്യതിയിലെ 24/1 നമ്പർ തീരുമാനം

മേൽ വിഷയുമായി ബന്ധപ്പെട്ട് പരിയാരം ഗ്രാമപഞ്ചായത്തിൻറെ സൂചന 2 പ്രകാരമുള്ള ഗ്രാമപഞ്ചായത്ത് കമ്മററി തീരുമാനം അങ്ങയുടെ അറിവിലേക്കായി ഇതോടൊപ്പം സമർപ്പിയ്ക്കുന്നു.

വിശ്വസ്തതയോടെ,

Certification signature by SUNIL K N <sunil...@gmail.com>
Validity Unknown
Digitally signed by SUNIL K N
Date: 2024.04.04 11:24:17 IST
Reason: ILGMS Govt. of kerala

സുനിൽ കെ എൻ
അസിസ്റ്റൻറ് സെക്രട്ടറി